# അക്ഷരച്ചെപ്പ്

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് 2022 - 25

## ഗവ.ഗേൾസ് HSS മിതൃമ്മല



# ഏകനാണിന്നു ഞാൻ

ഏകയാം ധരിത്രിയും ഏകയാം ഗഗനവും,
ഏകനാമെന്നെ പുണർന്നിടുമ്പോൾ;
ഏകനാം അരുണനും ഏകനാം ചന്ദ്രനും,
ഏകനാമെന്നിൽ പ്രഭചൊരിഞ്ഞു.
മാതൃസ്നേഹം പെയ്യും അമ്മയില്ലെൻ കൂടെ;
കരുതലിൻ ജ്വാലയാം അച്ഛനില്ല.
നേരതെന്നോതുവാനാരുമില്ല-
എന്റെ നേരിനെ കാണുവാനാരുമില്ല.
ഏകനാണിന്നു ഞാൻ ...
ഏകനാണിന്നുമീ ഭൂമുഖത്തിന്റെ മടിത്തട്ടിൽ
പ്രണയമില്ലാ , സൗഹൃദങ്ങളില്ലാ,
സ്നേഹത്തിൻ നിധികളായാരുമില്ല.
ഏകനായുള്ളൊരീ ജീവിതമെന്നെന്നും ,
നരകതുല്യം തന്നെ ജഗദീശ്വരാ ...
ഏകനായ് നിനയ്ക്കുന്ന നിനവുപോലും,
എന്റെ മൃതിതൻ ഹേതുവാം വീഥികളായ്
കണ്ണുനീർ വീഴാത്ത താളില്ല എന്റെയീ-
ജീവിതമാകുന്ന പുസ്തകത്തിൽ.
ഏകനായ്  ജനിക്കുന്നു ഏകനായ്  മരിക്കുന്നു;
ഏകാന്ത ജീവിതത്തേരിലേറി ...

അനിഷ്ക സുരേഷ്.ഡി
IX A

# പെയ്ത മഴ

എൻ ജീവിത യാത്രയിൽ നിൻ
അരികിലെത്തീടാൻ,
എനിക്ക് കഴിയിലല്ലോ ഈ ജന്മം.
നീയറിയാൻ ആർത്തിരമ്പി വരുന്ന
മഴ പോലെയാണെൻ ജന്മം.
പാതി  വഴിയിൽ നിന്നിടാം ; അല്ലെങ്കിൽ
ശക്തിയായ് പെയ്തിടും,
ഒരു മഴയായി ഞാൻ പെയ്തു.
ഇടയ്ക്കിടയ്ക്ക് ഒരു മിന്നൽ, പ്രകാശം
പോലെൻ അരികിൽ വന്ന നീ
തലോടി പോയില്ലേ?
പിന്നെയും ശക്തിയായി പെയ്തു
മഴയായി മാറി ഞാൻ ,
കുട്ടികൾ കണ്ടു രസിച്ചെൻ
കണ്ണുനീർ തുള്ളികൾ അവർക്കാനന്ദമായ് മാറി
എൻ മഴത്തുള്ളികൾ പതിച്ചനേരം;
അടർന്നുവീണ നെൽക്കതിർ പോലെയീ-
ഭൂമിയിൽ എത്രയോ ജീവിതങ്ങൾ;
നിന്നിടാം പിന്നെയും ശക്തിയായി
പെയ്തു ,ഞാൻ മഴയായ് .

സാന്ദ്ര ബിനു
IX C

# ഈറനണിഞ്ഞ സായാഹ്നം

മഴ തോർന്ന സായാഹ്നം സൂര്യാസ്തമയകിരണങ്ങൾ അവിടാകെ പരന്നു. മണ്ണിന്റെ ഗന്ധവും പടരുന്നുണ്ടായിരുന്നു പുതിയ വീട്ടിലെ ഉമ്മറത്തിരിന്നു കൊണ്ട് ആ ഗന്ധം ഞാൻ നാസികയിലേക്ക് വലിച്ചു കയറ്റാൻ ശ്രമിച്ചു കൊണ്ടിരുന്നു.ഏറെ പ്രകൃതിഭംഗി ആസ്വദിക്കാൻ കഴിയുന്ന അന്തരീക്ഷം.പക്ഷേ മുറിയിലേക്ക് കയറാൻ എനിക്ക് തോന്നിയില്ല,വളരെ മൂകമായിരുന്നു അവിടം. എല്ലാ വസ്തുക്കളുംഉറങ്ങികിടക്കുന്നു.ഉമ്മറത്തിരുന്നുകൊണ്ട് ഞാൻ ചില സ്വപ്നങ്ങൾ കണ്ടു.മഴവില്ലുപോലെവർണ്ണപൂരിതമായിര്രുന്നു അവ.



പെട്ടെന്ന് ആരോ തട്ടി വിളിച്ചതുപോലെ ഞാൻ എഴുന്നേറ്റു.പരിഭ്രാന്തയെപ്പോലെ മേശയിൽ ചിതറികിടക്കുന്ന പുസ്തകങ്ങളിലേക്ക് കണ്ണോടിച്ചു.വായിക്കണമെന്ന് ഏറെ ആഗ്രഹിച്ചു വാങ്ങിയ പുസ്തകങ്ങളായിരുന്നു അവ.മാധവിക്കുട്ടിയുടെ നീർമാതളം പൂത്തകാലം,മാനസി,മറ്റുചില ഇംഗ്ലീഷ് പുസ്തകങ്ങൾ,പിന്നെ കുറ്റാന്വേഷണ കഥകളടങ്ങിയ പുസ്തകം.പിന്നെ ചീല പഴയ ഫയലുകൾ, ഡയറികൾ, ഇഷ്ടപ്പെട്ട ഫൗണ്ടേൻ പെൻ അത്രമാത്രം. അവയെല്ലാം പരിശോധിച്ചുകൊണ്ടിരിക്കെ ഗഗനത്തിൽ കാർമേഘങ്ങൾ ആഗതരായി.

ചാറ്റൽമഴ വീണ്ടും തുടങ്ങി, അവയിൽ ആസക്തയായിരിക്കേ കാറ്റിൽ ആടയുലഞ്ഞടയുന്ന ജനാലയുടെ ശബ്ദം എന്നിൽ പോടുന്നേ ഞെട്ടലുളവാക്കി. ജനാലകൾ അടയ്ക്കുനായി ഞാൻ എഴുന്നേൽക്കാൻ തുടങ്ങി. കഴിയുന്നില്ല, എത്ര പരിശ്രമിച്ചിട്ടും.എന്തോ ഓർത്തപോലെ ഞാനൊന്ന് നടുങ്ങി. ഇനി തനിക്ക് എഴുന്നേൽക്കാനോ, നടക്കാനോ കഴിയില്ലെന്നുള്ള വിവരം ഡോക്ടർ പറഞ്ഞപ്പോൾ യാതൊരു പ്രതികരണവും ഇല്ലാതിരുന്ന ആ നിമിഷം മനസ്സിലേക്കോടി വന്നു ഇപ്പോഴുമൊരു മരവിപ്പ് തന്നെയാണ്.

നക്ഷത്രപഥങ്ങൾ തോളിലേൽക്കാൻ ശ്രമിക്കുന്ന ജിവിതചര്യയ്ക്കിടയിൽ ഒരു പിഴവ് പറ്റിയിരിക്കുന്നു ഇതുപോലൊരു ദിവസം തന്നെയായിരുന്നു ആ മറക്കാൻ കഴിയാത്ത വീഴ്ച്ചയും.അർദ്ധബോധാവസ്ഥയിൽ ഏറെ നാൾ ആശുപത്രിയിൽ.പൂർണ്ണബോധം വീണ്ടെടുത്തപ്പോൾ അറിഞ്ഞ ഈ വിവരം അസഹനീയമായിരുന്നു.ആരോടും സംസാരിക്കാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നു. അവഗണിച്ചവരുടേയും പരിഹസിച്ചവരുടേയും മുന്നിൽ തോറ്റു കൊടുക്കില്ലെന്ന ശപഥം എനിക്കുണ്ടായിരുന്നു.മനസ്സിലേറ്റിയ സ്വപ്നം നേടിയെടുക്കുമെന്നുള്ള വാശിയായിരുന്നു.ഇപ്പോൾ അതെല്ലാം ഉടഞ്ഞ കണ്ണാടിക്കഷണം പോലെ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു.

നീർച്ചാൽ പോലെ കണ്ണുനീർ ഒഴുകി പുസ്തകത്തിലേക്ക് വീണു.എന്റെ സ്വപ്നങ്ങൾക്ക് ഒരു നിമിത്തമായി തീർന്നത് ഈ പുസ്തകമാണ്.ചാറ്റൽ മഴയുടെ ശക്തി കൂടി വന്നു. ഈറനണിഞ്ഞ സായാഹ്നത്തിൽ നിറമില്ലാത്ത സ്വപ്നവുമായി ഞാനവശേഷിച്ചു.

ശ്രേയ.പി.എൻ
VIII C

# രാവിന്റെ കണ്ണുകൾ

രാവിന്റെ കണ്ണുകൾ ചിമ്മുന്ന വേളയിൽ,
അനാഥമാം ഭൂമിക്ക് മിന്നലിൻ സ്പർശനം.
മിഴിയാകും താരങ്ങൾ കണ്ണൊന്നു പൂട്ടുന്നു,
എൻ കണ്ണ്  രാവിന്റെ കണ്ണുമായ് ചേരുന്നു.
എന്തെന്നറിയില്ല ചൊല്ലുന്നു കൊഞ്ചുന്നു,
തെല്ലുനേരംകൊണ്ട് മിഴിനിറഞ്ഞൊഴുകുന്നു.
ചിന്തയാം തിരമാല ആഞ്ഞടിക്കുന്നുണ്ട്;
താരങ്ങൾ ചൊന്നത് വിലാപകാവ്യമോ?

അനിഷ്ക സുരേഷ്.ഡി
IX A

# വിദ്യ

ഒരു മനുഷ്യൻ ജൻമമെടുക്കുമ്പോൾ മുതൽ മരണം വരെ വിദ്യ നേടിക്കൊണ്ടിരിക്കുകയാണ്.ഒരു സമൂഹത്തിന്റെ സമൂഹികവും സംസ്കരികവും ആയ വളർച്ചക്ക് വിദ്യാഭ്യാസം അനിവാര്യമാണ്.മനുഷ്യന്റെ പൂർണ്ണതയ്ക്ക് വിദ്യാഭ്യാസം വളരെ പങ്കുവഹിക്കുന്നു.മനുഷ്യനെ സമൂഹത്തിൽ പൂർണ്ണവാനാക്കുന്നത് വിദ്യാഭ്യാസമാണ്.

ജീവിതത്തിൽ നമ്മുക്ക് അനിവാര്യമായ മറ്റ് ചില ഘടകങ്ങൾ പോലെതന്നെ വിദ്യാഭ്യാസവും പ്രാധാന്യമർഹിക്കുന്നു. നമ്മുടെ ജീവശ്വാസം പോലെ , ഭക്ഷണം പോലെതന്നെ പ്രധാനമാണ് വിദ്യാഭ്യാസം.അതുപോ ലെ തന്നെ ഒരു മനുഷ്യന് ഒരു നല്ല സാമൂഹ്യജീവിയായി മാറുന്നതിനും സമൂഹത്തിന്റെ അന്തസ്സിന് ആയി ഉയരുവാനും വിദ്യാഭ്യാസം കൊണ്ട് മാത്രമാണ് സാധിക്കുന്നത്.പണമോ പദവിയോ ഉള്ളതുപോലെയല്ല വിദ്യാഭ്യാസസംസ്കാരം.അതുകൊണ്ട് ഏതൊരു പ്രശ്നപരിഹാരത്തിനും അറിവ് ആവശ്യമാണ്.അതിന് സഹായിക്കുന്ന ഒരു മാധ്യമമായി നമുക്ക് വിദ്യാഭ്യാസത്തെ കണക്കാക്കാം.ഇന്ന് നാം കാണുന്ന ആധുനിക ലോകത്തിന്റെ വളർച്ച തുടരുന്നത് വിദ്യ നേടിയതുകൊണ്ടാണ്.സങ്കേതികപരമായും സാമൂഹികപരമായും നേട്ടം കൈവരിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

പഴമയിൽ നിന്ന് ആധുനിക കാലഘട്ടത്തിലേക്ക് വരുമ്പോൾ വിദ്യാഭ്യാസം നൽകുന്നതിൽ കൂടുതൽ പുരോഗമനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.ഇന്ന് ഒരു സ്കൂൾ വിദ്യാർഥിക്ക് ആയാലും ഏതൊരു വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ആയാലും ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം ആണ് ലഭിക്കുന്നത്. അതുകൊണ്ട് തന്നെ പുതിയ തലമുറക്ക് കൂടുതൽ വിജ്ഞാനവും അനുഭവങ്ങളും അറിവും ലഭിക്കുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസം ലഭിച്ചിട്ടും സമൂഹത്തിൽ തിന്മകൾ നിലനിൽക്കുന്നു എന്നുള്ളതാണ് വിഷമകരമായ മറ്റൊരു വസ്തുത. ഒരു വിദ്യാർഥിക്ക് വിദ്യാഭ്യാസം ലഭിക്കുന്നത് അതൊരു ഏറ്റവും വലിയ ഭാഗ്യമാണ്. വിദ്യാഭ്യാസം എന്നത് വായിച്ചറിവുകൾ മാത്രമല്ല , നാം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന കാര്യങ്ങളും പ്രവൃത്തികളും നാം ചെയ്യേണ്ട ഒ◌ാരോ കർത്തവ്യങ്ങളും വിദ്യാഭ്യാസത്തിലൂടെയാണ് നേടുന്നത്.നാം അറിവ് നേടുക മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.ഒരു കൃത്യനിഷ്ഠയുള്ള പൗരനാവുക എന്നതു കൂടിയാണ്. നമ്മുടെ ജീവിതം നിരവധി പാഠങ്ങൾ ചേർന്ന ഒരു പാഠപുസ്തകമാണ്. ആധുനിക ലോകത്ത് വിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ്.

വിദ്യ എന്നത് അറിവുകളുടെയും പ്രവൃത്തികളുടെയും വിവരങ്ങളുടെയും ചരിത്രങ്ങളുടെയും ശാഖആണ്.വിദ്യയിലൂടെ അവരവരുടെ ലക്ഷ്യങ്ങൾ നേടുന്നവനാണ് സമൂഹത്തിലെ യഥാർഥ സമ്പന്നൻ.

> അറിവില്ലെന്ന അറിവുള്ളവനേ അറിവിൻറെ വാതിലുകൾ തുറക്കാൻ ശ്രമിക്കുകയുള്ളൂ.

വിസ്മയ.R V
IX A

# അന്നൊരാമഴയിൽ

ഇനിയുമെന്തേ നീ പെയ്തുതോരാത്തു
സങ്കൽപമോ അതോ സത്യമോ മഴയോ....
നിൻ ചുട്ട ചുംബനങ്ങളേറ്റു ഞാൻ
വാടി പോകുമെന്നാണെങ്കിൽ അത്
വെറുമൊരു പാഴ് വാക്കായി മാത്രം കാണും നീ....
ഇനിയും നനയണം നമുക്കൊരു മഴകൂടി
പകലെന്നോ പാതിരാവെന്നോ നോക്കാതെ.
രാത്രിയുടെ ഇരുളടഞ്ഞ നേരത്തും
തോരാതെ പെയ്തു നീ....
നാം കണ്ട സ്വപ്നങ്ങളൊക്കെ പൂവണിയിക്കുക.
ചിതറിതെറിക്കുന്ന തുള്ളികൾ
പോലെ ആ മഴയിൽ ഞാൻ
കരഞ്ഞു തീർത്ത കണ്ണുനീർ
തുള്ളികൾ പോലും കാണാമറയത്തായിരിക്കുന്നു.
ഇനിയും ഞാൻ നിന്നെ പ്രണയിച്ചോട്ടേ....
ഇനിയും  പെയ്യൊഴിഞ്ഞ മഴയ്ക്കൊപ്പം
എന്റെ ഓ◌ാർമകളെകൂടി നീയെടുത്തുകൊൾക.
വറ്റി വരണ്ട ഭൂമിക്കുമേൽ
നീയെന്ന രണ്ടക്ഷരത്തെ
ഓർമിക്കാതിരിക്കാതിരിക്കാ-
നാവില്ലൊരു മനുഷ്യനും..


റിസാന.R S
IX B



വര – ലിയ.എസ്.ഫ്രാങ്ക്ളിൻ
VIII C



വര –ശിവലക്ഷ്മി.കെ.എസ്
IX B




വര –നിഥി വിമൽ
IX B



വര –ഗായത്രി ജി.പി
IX A

# ലിറ്റിൽ കൈറ്റ്സ്










മാഗസിൻ കവർ പേജ് ചിത്രം വരച്ചത്



ഗായത്രി ജി.പി
IX A

